## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4157 16.03.2017-ലെ മറുപടി

## കുഴൽമന്ദം കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ഡി. പ്രസേനൻ : | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ പാലക്കാട് ജില്ലയിലെ കണ്ണാടി, തേക്കുറുശ്ശി, കുഴൽമന്ദം കുടിവെള്ള പദ്ധതിയുടെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ; | എ പാലക്കാട് ജില്ലയിലെ കണ്ണാടി, തേക്കുറുശ്ശി, കുഴൽമന്ദം കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിന്റെ നിർമ്മാണം 70 ശതമാനം പൂർത്തീകരിച്ചു. എന്നാൽ കരാറുകാരന് ബില്ലുകൾക്കുള്ള തുക ലഭ്യമല്ലാത്തതിനാൽ കരാറുകാരൻ 30.12.2016 തീയതിയ്ക്ക് പ്രവൃത്തി നിർത്തിവെക്കുകയാണെന്ന് അറിയിച്ചിരിക്കുന്നു. മേൽ പദ്ധതിയുടെ രണ്ടാംഘട്ടം പൂർത്തീകരിച്ചു. മൂന്നാംഘട്ടത്തിന്റെ എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമാക്കി. |
| ബി 2011-ൽ ഒന്നാംഘട്ടത്തിൽ 15 കോടിയും 2013-ൽ രണ്ടാം ഘട്ടത്തിൽ 7 കോടിയും, 2016-ൽ മൂന്നാം ഘട്ടത്തിൽ 10 കോടിയും വകയിരുത്തിയ പദ്ധതിയുടെ ഓരോ ഘട്ട പ്രവർത്തന ത്തിന്റെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | ബി ഒന്നാംഘട്ടം - 9.5 എം.എൽ.ഡി ജലശുദ്ധീകരണ ശാലയും അനുബന്ധഘടകങ്ങളും -85 ശതമാനം പൂർത്തീകരിച്ചു. സിവിൽ വർക്കുകൾ ഏകദേശം പൂർത്തീകരിച്ചു.<br>നിലവിലെ കിണറിന്റെയും പമ്പ് ഹൗസിന്റെയും പുനരുദ്ധാരണം -കിണറിന്റെ പണി തറ നിരപ്പ് വരെ പൂർത്തീകരിച്ചു. റോ വാട്ടർ പമ്പിംഗ് മെയിൻ, മൂന്ന് മേഖലകളിലേയ്ക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ (തേങ്കുറിശ്ശി ടാങ്ക് മുതൽ വെള്ളപ്പാറ ഐ.ടി.ഐ വരെ) - 75 ശതമാനം പൂർത്തീകരിച്ചു. ബാക്കിയുള്ള (3700-250 എം.എം. പി.വി.സി) ഗ്രാവിറ്റി മെയിനിന് പൈപ്പുകൾ സപ്ലൈ ചെയ്യണം, മോട്ടോർ പമ്പ് സെറ്റുകൾ, ട്രാൻസ് ഫോർമർ സ്ഥാപിക്കൽ - പമ്പ് സെറ്റ് സപ്ലൈ ചെയ്ത് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്.<br>രണ്ടാം ഘട്ടം - 8.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി, മൂന്ന് പഞ്ചായത്തു കളിലേയ്ക്കുമുള്ള ക്വാളിറ്റി എഫക്റ്റഡ് ഹാബിറ്റേഷൻ പ്രദേശങ്ങളിലേയ്ക്കുള്ള ജലവിതരണ പൈപ്പുകൾ സ്ഥാപിക്കൽ - പ്രവൃത്തി 13.06.2016-ന് പൂർത്തീകരിച്ചു. എന്നാൽ ഒന്നാംഘട്ട് പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ കമ്മീഷൻ ചെയ്യാൻ സാധിച്ചിട്ടില്ല. |

| | |
|---|---|
| | മൂന്നാം ഘട്ടം - 7.55 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി (കണ്ണാടി കിണാശ്ശേരി) 5.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി (വെള്ളപ്പാറ ഐ.ടിഐ കോമ്പൗണ്ട്), 3 പഞ്ചായത്തിലേക്കുമുള്ള ബാക്കി വരുന്ന വിതരണ ശൃംഖല സ്ഥാപിക്കൽ - ഇതിന്റെ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചു. കുഴൽ മന്ദം ഐ.ടി കോമ്പൗണ്ടിൽ 5.50 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതലജലസംഭരണി നിർമ്മിക്കുന്നതിനുള്ള 8 സെന്റ് സ്ഥലം തൊഴിൽ വകുപ്പിൽ നിന്നും ഏറ്റെടുക്കുന്നതു സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. കൂടാതെ കണ്ണാടി ഗ്രാമപഞ്ചായത്തിനു വേണ്ടി ഉന്നതതലജല സംഭരണി നിർമ്മിക്കുന്നതിനു പഞ്ചായത്തിന്റെ അധീനതയിലുള്ള 10 സെന്റ് സ്ഥലം ഏറ്റെടുത്ത് നൽകാമെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് പഞ്ചായത്ത് തീരുമാനം ഇതുവരെയും ലഭിച്ചിട്ടില്ല. |
| സി 2011 ലെ ഒന്നാംഘട്ട പ്രവർത്തന ചുമതലയെടുത്ത കരാറുകാരന് രണ്ട് കോടിയിലധികം രൂപ നൽകാത്തതുമൂലം കിണറിന്റേയും ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും അവസാനഘട്ട പ്രവർത്തനം നിർത്തി വെച്ചത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | സി ഒന്നാംഘട്ട പ്രവർത്തന ചുമതല ഏറ്റെടുത്തിരിക്കുന്നത് M/s നവീൻ കൺസ്ട്രക്ഷൻസ്, കൊച്ചി യാണ്. ടി കരാറുകാരൻ പ്രവൃത്തി തുക ലഭിക്കാത്തതിനാൽ നിർത്തിവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാറുകാരന് മൊത്തം 8 ബില്ലുകൾ തയ്യാറാക്കി നൽകിയിട്ടുണ്ട്. ആയതിൽ 6 എണ്ണത്തിന്റെ തുകയായ 6,33,62,275/- രൂപ കരാറുകാരന് വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്. 7 ഉം 8 ഉം ബില്ലിന്റെ തുകയായ 10416881+13573460= 23990341 രൂപ കരാറുകാരന് നൽകുവാനുണ്ട്. ഇതിൽ ഏഴാമത്തെ ബില്ലിന്റെ തുക കരാറുകാരൻ ബാങ്ക് ലോൺ സൗകര്യം ഉപയോഗിച്ച് അഡ്വാൻസായി കൈപ്പറ്റിയിട്ടുണ്ട്. |

Renuka Sankar
സെക്ഷൻ ഓഫീസർ